## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1069** | **06-02-2023 - ൽ മറുപടിയ്ക്ക്**

## കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ മാറിനൽകാത്തത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട് കോങ്ങാട് എം.എൽ.എ. 13.10.2022 തീയതിയിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് ഏത് തീയതിയിലാണ് ചീഫ് എഞ്ചിനീയർ (ഐ&എ) ക്ക് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട് കോങ്ങാട് എം.എൽ.എ. 13.10.2022 തീയതിയിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെപ്പറ്റിയുള്ള സമഗ്രമായ അന്വേഷണത്തിനും സത്വര റിപ്പോർട്ടിനുമായി പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സുരേഷ്ബാബുവിനെ ചുമതല പ്പെടുത്തിയിരുന്നു. പ്രസ്തുത വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ 09/11/2022 തീയതിയിലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. അതിൻപ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 24/01/2023 തീയതിയിലെ CEIA/4870/2022-Vig7 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണോദ്യോഗസ്ഥന് നിർദ്ദേശം നൽകിയ തീയതി വ്യക്തമാക്കാമോ; | (ബി) | കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട് കോങ്ങാട് എം.എൽ.എ. 13.10.2022 തീയതിയിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെപ്പറ്റിയുള്ള സമഗ്രമായ അന്വേഷണത്തിനും സത്വര റിപ്പോർട്ടിനുമായി പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സുരേഷ്ബാബുവിനെ ചുമതല പ്പെടുത്തിയിരുന്നു. പ്രസ്തുത വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ 09/11/2022 തീയതിയിലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. അതിൻപ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിലെ 24/01/2023 |

| | | | |
|---|---|---|---|
| | | | തീയതിയിലെ CEIA/4870/2022-Vig7 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ